കൃഷി–സദ്യയിൽനിന്നും പട്ടിണിയിലേക്ക്

ചരിത്രത്തിന്റെ മറുപുറം–7

വിനിൽ പെരേര.
വിവർത്തനം. കെ.വി.ശിവപ്രസാദ്.

ഏതാണ്ടയ്യായിരം വർഷംമുൻപ്മുതൽതന്നെ ബാർലിയും ഗോതമ്പും ഇന്ത്യയിൽ കൃഷിചെയ്തിരുന്നുവെന്നും അവ പൊടിച്ചുപയോഗിച്ചിരുന്നുവെന്നും, പരുത്തികൃഷി ചെയ്തിരുന്നുവെന്നും ഹാരപ്പ നമ്മെ ബോധ്യപ്പെടുത്തുന്നു. മൂർച്ചയേറിയ കാർഷികായുധങ്ങളും അരിവാളുകളും വ്യാപകമായി ഉപയോഗത്തിലുണ്ടായിരുന്നു.

"യൂറോപ്യർ ഇന്ത്യയിലേക്ക് വരുന്നതിന് തൊട്ടുമുൻപ് യൂറോപ്യൻകൃഷി രീതിയുടെ അതേ നിലവാരം - അതിനേക്കാൾ മെച്ചമായിരുന്നില്ലെങ്കിൽ - നമ്മുടെ കൃഷിയും പുലർത്തിയിരുന്നു. തികച്ചും അനുയോജ്യമായ പലതരം കാർഷികായുധങ്ങൾ നമുക്കുണ്ടായിരുന്നു. ഇന്നുപയോഗിക്കുന്ന പലരീതികളെക്കാളും മെച്ചപ്പെട്ട കാർഷികസമ്പ്രദായങ്ങളും നാമുപയോഗിച്ചിരുന്നു. കോളണിഭരണകാലത്തുണ്ടായതുപോലുള്ള വ്യാപകമായ പട്ടിണി ഒരിക്കലും ഉണ്ടായിരുന്നില്ല"

വിത്ത് വിതക്കാനായി ചാലുകീറാനുള്ള കല്പ് യൂറോപ്പിൽ ആദ്യമായി ഉപയോഗിക്കുന്നതുതന്നെ 1662ൽ ആണ്. ഇംഗ്ലണ്ടിലാകട്ടെ 1730ലും. ഇത് ഇംഗ്ലണ്ടാകെ വ്യാപിക്കാൻ പിന്നേയും ഒരമ്പതുകൊല്ലം കഴിയേണ്ടിവന്നു. ബറോഡയിലെ റസിഡണ്ട് ആയിരുന്ന അലക്സാണ്ടർവാക്കർ(1820ന്നടുത്ത്)എഴുതി, "കാർഷികരംഗത്തെ ഏറ്റവും മനോഹരവും പ്രയോജനപ്രദവും ആയ കണ്ടുപിടുത്തങ്ങളുടെ സമ്പാദ്യമുള്ളവരാണ് ഹിന്ദുക്കൾ. വിത്ത് വിതക്കാനുള്ള കല്പ്പ്തന്നെ ഉദാഹരണം. അതിപ്രാചീനകാലം മുതലേ ഈ ഉപകരണം ഉപയോഗത്തിലുണ്ടായിരുന്നു. വിവിധതരം മണ്ണിന്നും വിത്തിന്നും അനുസരിച്ച് വിവിധതരം കലപ്പകളും അവർക്കുണ്ടായിരുന്നു. മൃഗസംരക്ഷണരംഗത്തും- ഉപകരണങ്ങളുടെ ഒരു നിരതന്നെ അവർക്കുണ്ടായിരുന്നു. അടുത്ത കാലത്തുണ്ടായ ചില പരിഷ്കാരങ്ങളുടെ കൂട്ടത്തിലാണിവയിൽ ചിലത് ഇംഗ്ലണ്ടിൽ നടപ്പിൽ വന്നത്. ഉപകരണങ്ങളെ എത്രമാത്രം അനുയോജ്യമാക്കാമെന്നതിന് ഉദാഹരണമാണ് വിവിധതരം കലപ്പകൾ. ഹിന്ദുകർഷകന്റെ കലാപരമായ കഴിവുകളുടേയും തെളിവാണിവ. അവർ വയലിനെ തലങ്ങും വിലങ്ങും ഉഴുതുമറിക്കുന്നു. കളകളെ നശിപ്പിക്കാൻ മാത്രമല്ല മണ്ണിളക്കം കിട്ടാനുംകൂടിവേണ്ടിയാണിത്. ഉഷ്ണമേഖലാപ്രദേശത്തെ കടുത്ത വരൾച്ചയെ നേരിടാൻ മണ്ണിനെ പാകപ്പെടുത്തുകയാണവർ".

വർഷം മുഴുവൻ പച്ചിലവളം ലഭിക്കാൻ ചെയ്യുന്ന രീതികൾക്ക് വാക്കർ ഉദാഹരണങ്ങളും കൊടുക്കുന്നുണ്ട്. ഇടവിളകൾ, ആവർത്തനകൃഷി, തരികിടൽ, വളംചേർക്കൽ എന്നിങ്ങനെ. പ്രകൃതിയെക്കുറിച്ച് മണ്ണിന്റെ ഗുണഗണങ്ങളെക്കുറിച്ച് പലതരം വിളവുകൾ കൃഷിചെയ്യുന്ന വിവിധങ്ങളായ രീതികളെക്കുറിച്ച് ഒക്കെ വളരെ ആഴത്തിലുള്ള അറിവ് അവർക്കുണ്ടായിരുന്നു. ഒരുപക്ഷെ ലോകത്തിന്റെ മറ്റേതുഭാഗത്തുള്ളതിനെക്കാളും ഏറെയിനം ധാന്യം ഇവിടെ കൃഷിചെയ്തിരുന്നു. ഇക്കാര്യത്തിൽ ഇന്ത്യക്കെന്തെങ്കിലും അറിവുകൊടുക്കാൻ കഴിയുമോ എന്ന അമ്പരപ്പിലാണ് ഞങ്ങളുള്ളത്. ഗുജറാത്തിലെപ്പോലെ അത്രനന്നായി മനോഹരമായി കൃഷിചെയ്യുന്ന വയലുകൾ ലോകത്തിലെവിടേയും ഇല്ല."

"ചെടികളെനനക്കൽ, ജലസേചനം, തുടങ്ങിയവയും ഇന്ത്യയിലെ കർഷകർക്ക് ഒരു പ്രത്യേക അറിവേ ആയിരുന്നില്ല. ഇവയൊക്കെ വളരെ വ്യാപകമായിത്തന്നെ നടപ്പുണ്ടായിരുന്നു. ഇതിലവർ കാണിക്കുന്ന സാമർത്ഥ്യവും കഠിനാദ്ധ്വാനവും ലോകത്തിലൊരിടത്തും കാണില്ല. വളരെ വലുപ്പമുള്ള എണ്ണമറ്റ കുളങ്ങൾ, ജലശേഖരങ്ങൾ, മനുഷ്യനിർമ്മിതതടാകങ്ങൾ, കിണറുകൾ, നദികളിൽ കല്ലുകെട്ടിയുണ്ടാക്കിയ ഉറപ്പേറിയ അണകൾ തുടങ്ങിയവ ഈരംഗത്തെ അവരുടെ അത്യുന്നതമായ പ്രാഗത്ഭ്യം വ്യക്തമാക്കുന്നു."

ഇന്ത്യയിൽ പല ഔദ്യോഗികസ്ഥാനങ്ങളും വഹിച്ചിരുന്ന ഒരു കാർഷികശാസ്ത്രജ്ഞനാണ് ആൽബർട്ട്ഹോവാർഡ്. വിളയിൽ അല്പംപോലും കുറവ് വരാതെ രണ്ടായിരംകൊല്ലമായി ഒരേസ്ഥലത്ത് കൃഷിചെയ്യുന്ന ഭാരതീയകർഷകന്റെ കഴിവുകളെക്കുറച്ചദ്ദേഹം ഏറെപ്പറയുന്നുണ്ട്. ജൈവവളങ്ങളും ജൈവവസ്തുക്കളും ഉപയോഗിച്ച് മണ്ണിന്റെ ഗുണമേന്മ നിലനിർത്തുന്ന സമ്പ്രദായങ്ങളെക്കുറിച്ച് വിവരിക്കുന്നുണ്ട്. മാത്രമല്ല വിളകൾക്ക് പ്രാണിശല്യം നന്നേക്കുറവായിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

എങ്ങനെയാണ് പിന്നെ നമ്മുടെ കൃഷി തകർന്നത്? വെസ്റ്റർബേൺ വിവരിക്കുന്നത് നോക്കു: "നമ്മുടെ ഭരണകൂടം ജനങ്ങളുടെ പൊതുസ്വത്തായിരുന്ന വനങ്ങളുടെ സംരക്ഷണത്തിലൊ പരിപാലനത്തിലൊ ശ്രദ്ധിച്ചതേയില്ല. കർഷകരേയോ കുടിയാന്മാരേയോ പരിഗണിച്ചതുമില്ല. അവരുടെ കൃഷിയെ നിലനിർത്തിയിരുന്ന വളമായ ചാണകം ഇന്ധനമാക്കേണ്ടിവന്നു. വേനൽക്കാലത്ത് പുല്ലും തടിയും പൊതുസ്വത്തായവനത്തിൽനിന്ന് ശേഖരിക്കാനുള്ള അനുവാദം നിഷേധിക്കുവാൻ ഉഴവ് മാടുകളുടെ എണ്ണം നന്നേ കുറഞ്ഞു." ചാണകം കുറഞ്ഞതുകൊണ്ടു മാത്രമല്ല വളംകുറഞ്ഞത് പരമ്പരാഗതകൃഷിയിൽ വളത്തിന്നായി ധാരാളം കരിയിലകളും ചില്ലകളും ഉപയോഗിക്കുന്നുണ്ട്. ഇവയുടെയെല്ലാം നഷ്ടം മണ്ണിന്റെ പോഷണത്തിൽ വല്ലാത്ത കുറവാണ് വരുത്തിയത്. തത്ഫലമായി ഉത്പാദനം നന്നേ കുറഞ്ഞു. ഇതിന്റെ തുടർച്ച തിരിച്ചുകൊണ്ടുവരാനാവാത്ത രീതിയിൽ മണ്ണിനെ നശിപ്പിച്ചു.

ഈ മഹത്തായ കൃഷിസമ്പ്രദായം നശിക്കാനുണ്ടായ മറ്റൊരു പ്രധാനകാരണം ബ്രിട്ടീഷുകാർ ചുമത്തിയിരുന്ന കനത്ത നികുതിയായിരുന്നു. തത്വത്തിൽ ഇതമ്പതുശതമാനമാണെങ്കിലും ഫലത്തിൽ വളരെ ഉയർന്നതായിരുന്നു കൃഷ്ണാനദിയിൽ ചിറകെട്ടിയുണ്ടാക്കിയ പ്രദേശങ്ങളിൽ കൃഷിക്കാരന്റെ മൊത്തം വാർഷികലാഭത്തിന്റെ 63%വരെ ആയിരുന്നു നികുതി. കൃഷിപരാജയപ്പെട്ടാൽ കർഷകൻ തകർന്നതുതന്നെ. കാരണം നികുതി അല്പം പോലും കുറയില്ല. ആ ജില്ലയിൽ കലക്ടരായിരുന്ന ബോസ്‌വെല്ലിന്റെ വാക്കുകൾ ശ്രദ്ധിക്കൂ. "ഭൂമിയിൽ നിന്നും പണ്ടാരവകയായി പരമാവധി പിഴിഞ്ഞെടുക്കുക എന്നതായിരുന്നു രീതി. എല്ലാംതീർന്നകർഷകൻ നശിച്ചുപോയ്ക്കോട്ടേ." ഈ ഒരൊറ്റക്കാരണംകൊണ്ടുതന്നെ ജലസേചനസൗകര്യമുണ്ടായിട്ടും ഇവിടത്തെ നല്ലഭൂമിയിൽ മൂന്നിൽ ഒരുഭാഗം തരിശായിക്കിടക്കുന്നു.

കൃഷ്ണാനദീതടത്തിലെ കൃഷിക്കാരൻ ജലസേചനം ചെയ്യണം, കൃഷിക്ക് വെള്ളം വേണമോ വേണ്ടയോ എന്നത് പ്രശ്നമേയല്ല. നിയമം അങ്ങനെയായിരുന്നു. വെള്ളം ആവശ്യമില്ലാത്ത കൃഷി അനുവദിക്കില്ല. ഫലമോ? തുടർച്ചയായി ജലസേചനം കാരണം വളരെയധികം പ്രദേശം നനവുള്ളതായിമാറി. ഉപയോഗശൂന്യമായി. ഹൊവാർഡ് ഈ പ്രശ്നം പഠിച്ചിട്ടുണ്ട്. (Albert Hovard) "ആധുനികജലസേചനസൗകര്യങ്ങൾ ഇന്ത്യക്കനാവശ്യമാണെന്നതാണ് സത്യം. അത് മണ്ണിനെ അമിതമായി ക്ഷാരവത്ക്കരിക്കും.. ആയിരക്കണക്കിനു കൊല്ലങ്ങളായി ഒരേ ഭൂമിയിൽ ഏതാണ്ടൊരേ അളവിൽ ഉത്പാദിപ്പിച്ചിരുന്ന കർഷകർ പരമ്പരാഗതമായി സ്വീകരിച്ചിരുന്ന ജലസേചനസമ്പ്രദായങ്ങൾ നഷ്ടപ്പെട്ടു."-(Agricultural Tertiment)

പരമ്പരാഗതജലസേചനം ഗ്രാമീണസഹകരണത്തിലധിഷ്ഠിതമായിരുന്നു. അതിനെ പ്രാദേശികഭരണാധികാരികൾ സഹായിച്ചു. പക്ഷെ നികുതിപിരിവുകൾ വരികയും പണം 'ഹോം ചാർജ്ജ്' എന്നപേരിൽ പുറത്തേക്ക് കടത്തുകയും ചെയ്തതോടെ ജനങ്ങൾക്ക് പരമ്പരാഗതരീതികളെ ശ്രദ്ധിക്കാൻ കഴിയാതായി ക്രമേണ. അവ നിരുപയോഗമായി.* ബ്രിട്ടീഷുകാർ ജലസേചനസൗകര്യം വികസിപ്പിച്ചതൊരിക്കലും കൂടുതൽ ഭക്ഷ്യവിളകൾ കൃഷിചെയ്യാനായിരുന്നില്ല. അവർ കരിമ്പുകൃഷിയാണ് പ്രോത്സാഹിപ്പിച്ചത്.⁘ "ഏറ്റവും കുറഞ്ഞ സ്ഥലത്ത് ഏറ്റവും കൂടുതൽ വെള്ളമുപയോഗിച്ചുചെയ്യുന്ന കൃഷിയാണത്. ഏറ്റവും കൂടുതൽ നികുതിവരുമാനമുണ്ടാക്കുന്ന കൃഷിയും അതുതന്നെ."

ഭക്ഷ്യവിളചെയ്തിരുന്നിടങ്ങളിൽ നിർബന്ധിച്ച്നാണ്യവിളക്കൃഷി ഏർപ്പെടുത്തിയതോടെ ഭക്ഷ്യോത്പാദനം പിന്നേയും കുറഞ്ഞു. അമേരിക്കൻ അഭ്യന്തരയുദ്ധക്കാലത്ത് ബ്രിട്ടീഷുകാർ ഇന്ത്യൻ കർഷകരെക്കൊണ്ട് കൂടുതൽ കൂടുതൽ പരുത്തികൃഷി ചെയ്യിച്ചു. പക്ഷെ യുദ്ധം തീർന്നതോടെ പരുത്തിച്ചന്ത പൊളിഞ്ഞു. സ്വന്തംഭൂമി ഭക്ഷ്യവിളയിലേക്ക് മാറ്റാൻ കഴിയാതെ അനേകലക്ഷം കർഷകർ കടുങ്ങി. ഇതാകട്ടെ 1865 മുതൽ 1900വരെ ഇന്ത്യയെ ദാരിദ്ര്യത്തിലാഴ്ത്തി. ചരിത്രത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര വ്യാപകമായ, മനുഷ്യനിർമ്മിതമായ, തുടർച്ചയായ പട്ടിണി⁘. ഇത് നമ്മെ കൂടുതൽകൂടുതൽ അടിമകളാക്കി.

ബ്രിട്ടീഷ് ഭരണനയങ്ങളുടെ മൊത്തം ഫലമെന്തായിരുന്നു. അവസാനദശകങ്ങളിൽ ഭക്ഷ്യോത്പാദനത്തിൽ അല്പംപോലും വർദ്ധനവുണ്ടായിരുന്നില്ല. അവർ പോയതോടെ ഭക്ഷ്യോത്പാദനം തുടർച്ചയായി വർദ്ധിച്ചുകൊണ്ടിരുന്നു.

പക്ഷെ അവർ ഒരുക്കിവെച്ച പാശ്ചാത്യരീതികൾ സ്വാതന്ത്ര്യം കിട്ടിയതോടെ കൂടുതൽ ശക്തമായി. വൻകിടജലസേചനപദ്ധതികൾ മണ്ണിലെ ലവണത്വം കൂട്ടിക്കൊണ്ടിരിക്കുന്നു. നാണ്യവിളകൾക്ക് ഭക്ഷ്യവിളകളേക്കാൾ പ്രാധാന്യം കിട്ടുന്നു. നാണ്യവിള കൃഷിചെയ്യാൻ

പ്രോത്സാഹനം കൊടുക്കുന്നു. പരിസ്ഥിതിയോടൊരിക്കലും ഇണങ്ങാത്ത കാർഷിക-തന്ത്രങ്ങൾ പരമ്പരാഗതരീതിയിൽ സംരക്ഷണം ലഭിച്ചിരുന്ന പരിസ്ഥിതി സംവിധാനങ്ങളെയാകെ തകർത്തുകളഞ്ഞു. കൃത്രിമവളങ്ങൾ മുതൽ വിവിധ തരം കീടനാശിനികൾ വരെ ഇതിന്റെ ഭാഗമാണ്. അത്യുത്പാദകവിത്തുകൾ പരമ്പരാഗതമായി മേന്മ തെളിയിച്ചില്ല. ആയിരക്കണക്കിനു വിത്തുകളെ എന്നെന്നേക്കുമായി നശിപ്പിച്ചുകളഞ്ഞു. ജനിതകവിഭവങ്ങളിലുണ്ടായ ഈ വൻചോർച്ച കടുത്ത ഭക്ഷ്യക്ഷാമഭീഷണിയായി നമ്മെ ഇപ്പൊഴും മുൾമുനയിൽ നിർത്തുന്നു.

⁘കാർഷികരംഗത്തെ നമ്മുടെ മുൻഗണന ഇന്നും അങ്ങനെതന്നെ. അതുകൊണ്ടാണ് അട്ടപ്പാടിയിൽ കരിമ്പും പരുത്തിയും പ്രധാന വിളയാവുന്നത് ആദിവാസി പട്ടിണിയിലാവുന്നതും.

⁘ഈ പട്ടിണിയെ ചൂണ്ടിക്കാട്ടിയാണ് രാസകൃഷിയുടെ പ്രചാരകർ ആധുനികകൃഷിയുടെ ആസുരതകളെ ന്യായീകരിക്കുന്നത്.

പരിഭാഷകൻ